
Monthly Price: 4 Year: 2011



## മനുഷ്യന്റെ ആത്മാവിന്റെ വഴികൾ-സഭാപ്രസംഗി 12: 7

**നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്നു വരുന്നു.**
**എബ്രായർ 12.9**

അവന്റെ രൂപത്തിൽ നമ്മുടെ ആത്മാവിനെ മെനഞ്ഞി
രിക്കുന്നു-1കൊരിന്ത്യർ 15:49

ആദാമിൽനിന്നും എല്ലാവരും വന്നു-പ്രവൃത്തി.17:26
നാം അവനെ പോലെയാകുന്നു.

↓

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ
സംസാരിച്ചു-1കൊരിന്ത്യർ 13:11
ദൈവരാജ്യം അങ്ങനയുള്ളവരുടേതല്ലോ.
ലൂക്കൊസ് 18:16.

↓

ആത്മാവിന്റെ പക്വതാ നടപടി (മനസ്, ഹൃദയം, മനസാ
ക്ഷി) ശരീരത്തിന്റേയും.

പാപം ആത്മീയ മരണത്തെ കൊണ്ടുവരുന്നു-
റോമർ 5:12

നന്മതിന്മകളെകുറിച്ചുള്ള അറിവു എല്ലാവരിലും ഉള്ള
തുകൊണ്ട് നാമെല്ലാം പാപം ചെയ്യുന്നു- ഉല്പത്തി.
3:22; 1കൊരിന്ത്യർ 15:22; റോമർ 3:23

---

ഈ സമയത്ത് രണ്ട് പോയിന്റ്:

1. തിന്നുവാനും കുടിക്കുവാനും ആനന്ദിക്കുവാനും തുടങ്ങുന്നു 1കൊരിന്ത്യർ 15:32. — മോശം

   ഫലം: റോമർ 1:18-22; എഫേസ്യർ 4:17-19. 1കൊരിന്ത്യർ 6:9,10 →
2. പ്രവൃത്തി 2:38; 1കൊരിന്ത്യർ 6:11

**പുതിയ ജനനം**
**1പത്രോസ് 1:22, 23**

ദൈവവചനം
കേൾക്കുന്നു അത്
വിശ്വസിക്കുന്നു
റോമർ 10:13-15

↓

മാനസാന്തരപ്പെട്ട്
പുതിയ നിയമത്തെ
സ്വീകരിക്കുന്നു-
പ്രവൃത്തി. 3:19;
എബ്രായർ 8:10-12

↓

യേശുവിനോടുചേരു
വാൻ സ്നാനം
ഏല്ക്കുന്നു- പ്രവൃ
ത്തി. 8:34-39; റോമർ
6:5-11.

↑

കഴുകുന്നു, വിശുദ്ധീ
കരിക്കുന്നു, നീതീകരി
ക്കപ്പെടുന്നു

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 26** **JULY 2011** **No.4**

# എഡിറ്റോറിയൽ

സാമൂഹ്യനീതിയെ സംബന്ധിച്ച് രാഷ്ട്രീയ രംഗത്ത് ഇന്ന് വളരെയധികം പറഞ്ഞു കേൾക്കുന്നുണ്ട്. എന്നാൽ വാസ്തവത്തിലുള്ള നീതി അന്യമായിക്കൊണ്ടിരിക്കുകയാണ്. മാനുഷിക നീതിയും ധാർമ്മികനീതിയും സാമൂഹികനീതിയുമെന്നെല്ലാം പറയുന്നത് എല്ലാവർക്കും തുല്യതയാണെങ്കിൽ അതാണ് ദൈവം മനുഷ്യരിൽനിന്ന് പ്രതീക്ഷിക്കുന്നതു എന്ന് പ്രത്യേകം പറഞ്ഞുകൊള്ളട്ടെ. എന്നാൽ അത് എങ്ങനെ കൈവരിക്കാമെന്നതും ദൈവം അരുളിച്ചെയ്തിട്ടുണ്ട്. നിങ്ങൾക്കും എനിക്കും ഈ പ്രപഞ്ചത്തിൽ സ്വൈര്യമായും സമാധാനമായും ജീവിക്കുവാനാണ് ദൈവകല്പന നൽകിയിരിക്കുന്നത്. പക്ഷെ ആളുകൾ അതു മനസിലാക്കുന്നില്ല.

മനുഷ്യരെല്ലാവരും ദൈവത്തിന്റെ സന്താനങ്ങളാണ്. നാം ലോകത്തിൽ എവിടെ ജീവിച്ചാലും നമ്മെ നയിക്കേണ്ടതു ദൈവനിയമങ്ങളായിരിക്കണം. നിയമം ലംഘിക്കുമ്പോഴാണ് സമാധാനം നഷ്ടമാകുന്നത്. നീതി നിഷേധിക്കുമ്പോഴാണല്ലോ ആളുകൾ നീതിക്കുവേണ്ടി മുറവിളി കൂട്ടുന്നത്. ഒരു മേഖലയിൽ മാത്രമല്ല, എല്ലാ മേഖലയിലും തുല്യത ആവശ്യമാണ്. പഴയനിയമകാലത്തും ദൈവം ഈ തുല്യത നിലനിർത്തുവാൻ കല്പന കൊടുത്തിരുന്നു. മിസ്രയിം അടിമത്വത്തിൽനിന്നു യിസ്രായേലിനെ ദൈവം വിടുവിച്ചുകൊണ്ടുവന്നപ്പോൾ അവിശ്വാസവും അനുസരണക്കേടും നിമിത്തം മരുഭൂമിയിൽകൂടെ അലഞ്ഞുതിരിയേണ്ടിവന്നു. അപ്പോൾ ദൈവം അവർക്ക് മരുഭൂമിയിൽ മന്ന പൊഴിച്ചുകൊടുത്തു. അതു സ്വർഗീയ ഭോജനമായിരുന്നു. ഓരോ ദിവസത്തിനും ആവശ്യമായത് ഓരോരുത്തരോടും പെറുക്കിയെടുക്കുവാനും പറഞ്ഞിരുന്നു.

പക്ഷെ ആളുകളിൽ കുറെ പേർ അധികവും ചിലർ കുറച്ചുമാത്രവും പെറുക്കി. അവസാനം നോക്കിയപ്പോൾ കുറെ പെറുക്കിയവർക്കും അധികം പെറുക്കിയവർക്കും ഒപ്പമായിരുന്നു എന്നു കണ്ടെത്തി. ദൈവത്തിന്റെ ഉദ്ദേശത്തെ ആളുകൾ മനസിലാക്കുന്നില്ല. അതിന്റെ കാരണം ആളുകളുടെ വിശ്വാസവും കാഴ്ച്ചപ്പാടുമെല്ലാം ലോകപ്രകാരമാണ്. മാനുഷികനിയമങ്ങൾക്കൊന്നും ശരിയായ നീതി നിർവ്വഹിപ്പാൻ സാധ്യമല്ല. നമ്മുടെ അറിവ് അപൂർണ്ണവും ദൈവത്തിന്റെ അറിവ് പൂർണ്ണവുമാണ്. അതുകൊണ്ട് നാം ആശ്രയിക്കേണ്ടത് ദൈവനിയമത്തിലാണ്. ഏതു രാജ്യത്തിലെ മനുഷ്യരുണ്ടാക്കിയതായാലും ആ നിയമങ്ങളിലെല്ലാം പോരായ്മകൾ കാണുന്നുണ്ട്. പക്ഷെ ദൈവനിയമങ്ങൾ അതേപടി അനുസരിക്കുന്നവർക്കും മറ്റുള്ളവർക്കും അതുകൊണ്ട് പ്രയോജനം ലഭിക്കും.

ഇന്നും എന്നും സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് അകൃത്യം. അതു വെറും ലൗകികനിയമത്താൽ മാത്രം ഒഴിവാക്കുവാൻ സാധ്യമല്ല. കുറ്റകൃത്യങ്ങളിൽനിന്ന് മനുഷ്യരെ മോചിപ്പിക്കുവാൻ ദൈവത്തിനു മാത്രമെ കഴിയും. മനുഷ്യമനസിനെ മാറ്റുവാൻ ദൈവത്തിന് കഴിയും. അതേസമയം ഓരോരുത്തരും അവരവരുടെ മനസിനെയും ജീവിതത്തെയും ദൈവത്തിന്റെ കല്പനകൾക്ക് വിധേയമാക്കുകയും വേണം. ഏതെങ്കിലും ഒരു സ്ഥലത്ത് ദൈവനീതി നിവർത്തിക്കുന്ന ഒരു കൂട്ടം ആളുകളുണ്ടെങ്കിൽ അവിടെ നമുക്ക് അനുഗ്രഹത്തിന്റെ പ്രത്യേകത കാണുവാൻ കഴിയും. ദൈവത്തെ അനുസരിക്കുന്നതിന്റെ ആവശ്യകത ആളുകളിലുണ്ടാകണം.

ലോകം അവസാനിക്കുന്നതുവരെ, മനുഷ്യരുടെ ഭൗതികജീവിതവും ആത്മികജീവിതവും മുൻകണ്ടിട്ടാണ് നിയമം നൽകിയിട്ടുള്ളത്. ആത്മാവിന്റെ രക്ഷയും ആത്മികവളർച്ചയുമാകണം ഓരോരുത്തരുടേയും ലക്ഷ്യം. അതിനു ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കയും നിയമലംഘനത്തിൽനിന്നു വിട്ടുനിൽക്കയും വേണം. അതാണ് മാനസാന്തരം എന്ന് വചനത്തിൽ നാം വായിക്കുന്നത്. യേശു ദൈവപുത്രനാണെന്ന് എല്ലാവരും വായ്കൊണ്ട് ഏറ്റുപറയുകയും, പിന്നെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുകയും ചെയ്യുമ്പോൾ ക്രിസ്തു നമ്മെ രക്ഷിക്കുകയും തന്റെ സഭയോട് അവൻ ചേർക്കുകയും ചെയ്യും. തുടർന്നു നാം മരണത്തോളം വിശ്വസ്തമായി ജീവിക്കുക.

✶

# നിങ്ങളെത്തന്നെ രക്ഷിക്കുക

## *J.C* ചോട്ട്

നാം പാപികളാണെന്നു ബൈബിൾ പഠിപ്പിക്കുന്നു. അതുകൊണ്ടു നമുക്കു ഒരു രക്ഷകൻ ആവശ്യമാണ് (ലൂക്കൊസ് 19-10). യേശുക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കു ശേഷം അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരുന്നപ്പോൾ പരിശുദ്ധാത്മ സ്നാനത്താൽ അവർക്കു പരിശുദ്ധാത്മ ശക്തി ലഭിച്ചു. അവർ കൂടിയിരുന്നപ്പോൾ ഉണ്ടായ ശക്തമായ കാറ്റും ശബ്ദവും അവിടേക്കു അനേകം ആളുകളെ ആകർഷിക്കയുണ്ടായി. ഇതു കാണുകയും കേൾക്കുകയും ചെയ്തവർ വിസ്മയഭരിതരായി തീർന്നു.

പത്രോസും ശേഷം അപ്പൊസ്തലന്മാരും വന്നു കൂടിയ പുരുഷാരത്തോടു കർത്താവിനെ കുറിച്ചു സംസാരിച്ചു. അവൻ ഭൂമിയിലേക്കു വന്നതും അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു താൻ ദൈവ പുത്രനാണെന്നു തെളിയിച്ചതും വ്യക്തമാക്കി. അവസാനം അവൻ ലേകത്തിലെ പാപികൾക്കു വേണ്ടി ക്രൂശിൽ തറെച്ചു കൊല്ലപ്പെട്ടതും തിരുവെഴുത്തു ആധാരമാക്കി പ്രസംഗിക്കയുണ്ടായി. വളരെ ധൈര്യമായി തന്നെ അവന്റെ ഉയർത്തെഴുന്നേൽപ്പിനെ അവർ സാക്ഷീകരിച്ചു. കൂടാതെ അവൻ സ്വർഗ്ഗാരോഹണം ചെയ്തു പിതാവിന്റെ വലത്തു ഭാഗത്തിരിക്കയും രാജാവായി വാഴുകയും ചെയ്യുന്നു എന്നു പ്രസ്താവിച്ചു. നിങ്ങൾ പ്രതീക്ഷിച്ചിരുന്ന മശിഹ അവൻ തന്നെയായിരുന്നു എന്ന സത്യമാണ് അവർ വെളിപ്പെടുത്തിയതു.

ഈ പ്രസംഗം കേട്ടവരിൽ പലർക്കും ഹൃദയത്തിൽ കുത്തുകൊണ്ടു. അതായതു അവർക്കു കുറ്റബോധമുണ്ടായി എന്നർത്ഥം. രക്ഷിക്കപ്പെടുവാൻ ഞങ്ങൾ എന്തു ചെയ്യേണം എന്ന ചോദ്യം അവർ അപ്പോസ്തലന്മാരോടു ചോദിച്ചു. അതിനു പത്രോസ് അവരോടു: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തി 2:38). മറ്റു പലവാക്കുകളാലും അവൻ സാക്ഷ്യം പറഞ്ഞു

അവരെ പ്രബോധിപ്പിച്ചു. ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു. അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു. അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു (പ്രവൃത്തി 2:40,41).

പത്രൊസ്, നാല്പതാം വാക്യത്തിൽ പറഞ്ഞതു രക്ഷിക്കപ്പെടുവിൻ എന്നാണ്. ഒരു വ്യക്തിക്കോ ഒരു കൂട്ടം ആളുകൾക്കോ തങ്ങളെത്തന്നെ രക്ഷിക്കാൻ കഴിയുമോ എന്നു ചോദിച്ചാൽ കിട്ടുന്ന ഉത്തരം ഇല്ല എന്നു തന്നെയാണ്. പണം കൊടുത്തു നമ്മെ രക്ഷിക്കാൻ നമുക്കു സാദ്ധ്യമല്ല. നമ്മെ രക്ഷിക്കാൻ വിലമതിക്കത്തക്ക പണം ഈ ലോകത്തിൽ ഇല്ല. നല്ല ധാർമ്മിക ജീവിതത്താൽ നേടിയെടുക്കാവുന്നതല്ല അതു. നല്ല മനസാക്ഷിയോടെ ജീവിച്ചാൽ ലഭിക്കുന്നതല്ല ആത്മാവിന്റെ രക്ഷ. മറ്റേതൊരു നിലവാരമാനദണ്ഡവും രക്ഷക്കു സ്വീകാര്യമായിട്ടില്ല. സൽപ്രവൃത്തികളുടെ ഒരു കൂമ്പാരം കൊണ്ടുപോലും നമ്മെ രക്ഷിക്കാൻ നമുക്കു കഴിയുകയില്ല. കാരണം നമ്മുടെ യാതൊരു യോഗ്യത കൊണ്ടും നേടിയെടുക്കാവുന്നതല്ല രക്ഷ.

അതിന്റെ അർത്ഥം കർത്താവിന്റെ സുവിശേഷം അനുസരിക്കാതെയോ സൽപ്രവൃത്തികൾ ചെയ്യാതെയോ രക്ഷിക്കപ്പെടുവാൻ കഴിയും എന്നല്ല. ദൈവം ആവശ്യപ്പെടുന്നതെല്ലാം അനുസരിച്ചാൽ പോലും. അവന്റെ ആത്മീയ ഭവനത്തിൽ വീണ്ടും ജനിച്ചാലും കർത്താവിനുവേണ്ടി നാം ജീവിച്ചാലും മരണംവരെ വിശ്വസ്തത ദൈവത്തോടു പുലർത്തിയാലും ശരി കർത്താവിന്റെ കൃപയാലാണ് നാം രക്ഷിക്കപ്പെടുന്നതു. ദൈവത്തിന്റെ കൃപയെ മാറ്റിനിർത്താൻ രക്ഷ അസാദ്ധ്യം തന്നെ (എഫെസ്യർ 2:8,9). ദൈവത്തിന്റെ കരുണയാലും കൃപയാലും നമ്മെ സൗജന്യമായിട്ടാണ് അവൻ നമ്മെ രക്ഷിക്കുന്നതു. അതു സ്വീകരിക്കുന്നതിനു സമർപ്പണവും അനുസരണവും നമ്മിൽ ഉണ്ടാകണം.

എന്നാൽ മിക്കവാറും മത സംഘടനകളിൽ സ്ഥിതിവ്യത്യസ്ഥമാണ്. കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ്, നാമധേയ വിഭാഗങ്ങൾ എന്നിവയിൽ ആളുകൾക്കു അവരെ രക്ഷിക്കാൻ കഴിയുമെന്നാണ് അവർ പറയുന്നതു. രക്ഷക്കുള്ള അനേക വഴികൾ അവർ നിരത്താറുണ്ടു. ഒരു കൂട്ടർ പറയും രക്ഷിക്കപ്പെടാൻ നിങ്ങൾ ചെയ്യേണ്ടതു ഇതാണ്

എന്നു. മറ്റൊരു കൂട്ടർ പറയും വേറൊന്നു. നാമധേയ വിഭാഗങ്ങൾ എല്ലാം പറയുന്നതു, യേശുവിനെ കർത്താവും രക്ഷിതാവുമായി നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിച്ചാൽ മതിയെന്നു. യേശുവിനെ സ്വീകരിച്ചു നല്ല ജീവിതം നയിച്ചാൽ രക്ഷിക്കപ്പെടും എന്നാണ് മറ്റൊരു കൂട്ടർ അവകാശപ്പെടുന്നത്. അവരെല്ലാം പറയുന്നതിന്റെ ചുരുക്കം എന്തെന്നാൽ ശിക്ഷയിൽ നിന്നുള്ള വിടുതലിനു നല്ല മനസാക്ഷിയും ജീവിതവുമാണ് വേണ്ടതു എന്നാണ്. വീണ്ടും ജനിച്ചില്ലെങ്കിൽ പോലും നല്ല ജീവിതത്തിനാണ് മുൻതൂക്കം കൊടുക്കുന്നതു. അല്ല രക്ഷക്കു ക്രിസ്തുവിന്റെ രക്തം ആവശ്യമില്ല എന്ന സൂചനയാണ് അവർ നല്കുന്നതു.

ക്രിസ്തുവിൽ വിശ്വസിക്കാത്തവർ അവരുടെ രക്ഷക്കു കണ്ടെത്തുന്ന വഴികൾ വേറെയാണ്. ശരീരത്തെ ദണ്ഡിപ്പിച്ചും വേദനിപ്പിച്ചും സൽപ്രവൃത്തികൾ ചെയ്തും ദാനധർമ്മങ്ങൾ നടത്തിയും അവരുടെ ആശയങ്ങൾ അനുസരിച്ചാണ് പ്രവർത്തിക്കുന്നതു. പ്രാർത്ഥനയും ധ്യാനവും യാഗവും ത്യാഗവും അതിനു അനുഷ്ഠിക്കുന്നവരുണ്ടു. രക്ഷക്കുവേണ്ട ഇതുപോലുള്ള ലിസ്റ്റ് എടുത്താൽ അവസാനിക്കുകയില്ല. ഇത്തരം കാര്യങ്ങൾക്കപ്പുറമായി ദൈവത്താലുള്ള രക്ഷ ബൈബിൾ പഠിപ്പിക്കുന്നതാണ് ശരിയെന്നു കാര്യകാരണ സഹിതം നമുക്കു മനസിലാക്കാം.

പ്രവൃത്തി 2:40 പരിശോധിച്ചാൽ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നു ക്രിസ്തുവിന്റെ ഉപദേശം വ്യക്തമാക്കുന്നു. അതാണ് രണ്ടാം അദ്ധ്യായം മുപ്പത്തെട്ടാം വാക്യത്തിൽ പൗലൊസ് പ്രസ്താവിച്ചതു. നമ്മുടെ സ്വന്ത പ്രവൃത്തികളാലോ യോഗ്യതകളാലോ നേടിയെടുക്കാൻ പറ്റാത്തതുകൊണ്ടു രക്ഷകൻ വാഗ്ദാനം ചെയ്തിരിക്കുന്ന രക്ഷ നമുക്കു സ്വീകരിക്കാം. അതു വിശ്വാസത്താലും മാനസാന്തരത്താലും അവനെ ഏറ്റുപറഞ്ഞുകൊണ്ടു ക്രിസ്തുവിന്റെ മരണം, അടക്കും, ഉയിർപ്പ് എന്നിവയിൽ പങ്കാളിയായി പാപ മോചനത്തിനു സ്നാനമേറ്റുകൊണ്ടുമാകണം (പ്രവൃത്തി 2:38).

രക്ഷിക്കപ്പെടുവിൻ എന്നു പത്രൊസ് പ്രസംഗിച്ച ദിവസം അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു അവരോടു ചേർന്നു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരിക്കുന്നു. അപ്പോൾ ആരാണ് സ്നാനമേറ്റത്, കുറ്റ

ബോധം വന്ന വിശ്വാസികളാണ്. ആരാണ് രക്ഷിക്കപ്പെട്ടതു, സ്നാന മേറ്റവർ. ആരാണ് സഭയോടു ചേർക്കപ്പെട്ടതു, പത്രോസിന്റെ പ്രസം ഗത്തിനു ശരിയായി പ്രതികരിച്ചവരും രക്ഷിക്കപ്പെട്ടവരും. ആരാണു അവരെ രക്ഷിച്ചതും സഭയോടു ചേർത്തതും, കർത്താവാണു.

പത്രോസ് പറഞ്ഞതനുസരിച്ചു പ്രവർത്തിച്ചവർ രക്ഷിക്കപ്പെട്ടു. എന്നാൽ അവർ രക്ഷിക്കപ്പെട്ടതു കർത്താവിനെ കൂടാതെയോ അവന്റെ വചനം കൂടാതെയോ അല്ല. അവന്റെ കൃപയാലുള്ള വിളി അനുസരിച്ചാണു അവർ തങ്ങളുടെ ഹൃദയത്തെ നുറുക്കിയതു. അനു സരണത്തിലേക്കു നയിച്ചത് അവർക്കു രക്ഷ ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണ്. അവർ സന്തോഷത്തോടെ സുവിശേഷം കൈക്കൊണ്ടില്ലായിരുന്നെങ്കിൽ അവർ മറ്റുള്ളവരെ പോലെ അവ രുടെ പാപങ്ങളിൽ മരിക്കുമായിരുന്നു. അതിനു ശേഷം അവർ എത്ര നല്ല ജീവതം നയിച്ചു കാണും. എത്രപേർ അവരുടെ സൽപ്രവൃ ത്തിക്കു പാത്രീഭുതരായിക്കാണും. പാപികൾക്കു വേണ്ടി യേശു ക്രൂശിൽ മരിച്ചു രക്തം ചിന്തേണ്ടതു എത്രത്തോളം ആവശ്യമായിരു ന്നുവോ അത്രത്തോളം അവന്റെ രക്തത്താൽ ഓരോരുത്തരുടേയും പാപങ്ങൾ കഴുകി കളയേണ്ടതു ആവശ്യമാണ്. എങ്കിൽ മാത്രമേ നമുക്കു അവന്റെ രക്തത്തിന്റെ ശുദ്ധീകരണ ശക്തി ലഭിക്കയുള്ളു.

രക്ഷാ സന്ദേശമെന്ന സുവിശേഷം നിങ്ങൾക്കു കേൾക്കാൻ കഴിയും. രക്ഷിക്കപ്പെടുവാൻ കർത്താവു നിങ്ങളിൽ നിന്നും എന്താണു ആവശ്യപ്പെടുന്നതെന്നു ഹൃദയത്തിൽ ഗ്രഹിക്കുക. എന്നാൽ നിങ്ങൾ കേൾക്കുകയും വിശ്വസിക്കയും മാത്രം ചെയ്താൽ രക്ഷിക്കപ്പെടുകയില്ല. രക്ഷിക്കപ്പെടുവാൻ സുവിശേഷ കൽപനകൾ കേൾക്കുകയും വിശ്വസിക്കയും അനുസരിക്കയും വേണം. രക്ഷ പ്രാപിക്കുവാൻ യേശു നിങ്ങളെ നിർബ്ബന്ധിക്കുകയില്ല. നിങ്ങൾക്കു രക്ഷ വേണമെന്നുണ്ടെങ്കിൽ നിങ്ങൾ കർത്താവിന്റെ ഭവനത്തിൽ അംഗമാകണമെങ്കിൽ വിശ്വസിച്ചു സ്നാനമേൽക്കണം. രക്ഷ ഒരാ ളുടെ ആയുഷ്കാലം മുഴുവൻ സൂക്ഷിക്കേണ്ടതിനു മരണത്തോളം വിശ്വസ്തത പുലർത്തേണം. അങ്ങനെയുള്ളവർക്കാണ് നിത്യജീവൻ വാഗ്ദാനം ചെയ്തിരിക്കുന്നതു (വെളിപ്പാട് 2:10).

✶

# ഉറപ്പും ധൈര്യവും ഉള്ളവരാകുക

## ഡേവിഡ് റ്റി

### ദൈവീക കാഴ്ച്ച ഗ്രഹിക്കുക

നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന സ്ഥലം ഒക്കെയും ഞാൻ മോശെയോടു കല്പിച്ചതു പോലെ നിങ്ങൾക്കും തന്നിരിക്കുന്നു. മരുഭൂമിയും ഈ ലെബാനോനും തുടങ്ങി. ഫ്രാത്തി എന്ന മഹാ നദിവരെയും ഹിത്യരുടെ ദേശമൊക്കെയും പടിഞ്ഞാറു മഹാ സമുദ്രംവരെയും നിങ്ങളുടെ അതിരായിരിക്കും. നിന്റെ ജീവകാലത്ത് ഒരിക്കലും ഒരു മനുഷ്യനും നിൽക്കയില്ല. ഞാൻ മോശെയോടു കൂടെ ഇരുന്നതു പോലെ നിന്നോടുക്കൂടെയും ഇരിക്കും. ഞാൻ നിന്നെ കൈ വിടുകയില്ല, ഉപേക്ഷിക്കയും ഇല്ല. ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക. ഞാൻ അവർക്കു കൊടുക്കുമെന്നു അവരുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശം നീ ഈ ജനത്തിനു അവകാശമായി വിഭാഗിക്കും.

തന്റെ ജനത്തിനു വേണ്ടിയുള്ള ദൈവീകമായ കാഴ്ച്ചപ്പാടാണ് യോശുവക്കു വെളിപ്പെടുത്തി കൊടുത്തിരിക്കുന്നതു. അവർ കീഴ്പ്പെടുത്തുവാനിരിക്കുന്ന ദേശത്തിന്റെ അതിരുകൾ ദൈവം പറഞ്ഞു കൊടുത്തിരുന്നു. ആ ദേശത്തു അന്നു താമസിച്ചിരുന്ന ആളുകളുടെ സ്വഭാവം എങ്ങനെയുള്ളതെന്നും വിവരിച്ചു കൊടുത്തു. ആ ദേശത്തിന്റെ ശത്രുക്കൾ എല്ലാം ബലഹീനരും അവരെ ഭയപ്പെടുത്തുന്നവരും ആയിരുന്നു. എന്നാൽ ദൈവം മോശെയോടു കൂടെ ഇരുന്നതുപോലെ അവനോടും കൂടെ ഇരിക്കും എന്നാണ് പറഞ്ഞിരുന്നതു. ദൈവത്തിന്റെ ശക്തമായ കരം മോശയോടുകൂടെ ഇരുന്നു പ്രവർത്തിച്ചതെല്ലാം യോശുവ കണ്ടതാണ്. അതേ ദൈവം ഇപ്പോൾ യോശുവയോടുകൂടെ ഇരുന്നു പ്രവർത്തിക്കും എന്നു വാഗ്ദാനം ചെയ്തിരിക്കുന്നു. അതുകൊണ്ടു അവൻ ഉറപ്പും ധൈര്യവും ഉള്ളവനായി തീർന്നു.

ഇന്നു സഭകൾ ദൈവത്തിന്റെ കാഴ്ച്ചപ്പാടു ഗ്രഹിക്കേണ്ടതായിട്ടുണ്ട്. സഭക്കു ദൈവത്തിന്റെ കാഴ്ച്ചപ്പാടില്ലാത്ത നിസാരമോ സാരമോ ആയ കാരണങ്ങൾ ആളുകൾ പൊക്കിപ്പിടിക്കും. യേശു ക്രിസ്തു എന്താണു പറഞ്ഞതു, യേശു അടുത്തുവന്നു ശിഷ്യന്മാ

രോടു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു: ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. (മത്തായി 28:18-20). സഭയിലുള്ള അദ്ധ്യക്ഷന്മാരും വിശ്വാസികളും എല്ലാ മനുഷ്യരേയും ശിഷ്യരാക്കേണ്ടതിനു ഉപദേശിക്കണം എന്നാണ് കർത്താവു പറഞ്ഞതു. ഇന്നും സഭക്കു മുന്നിലുള്ള ദൗത്യത്തിനു മാറ്റം വന്നിട്ടില്ല. നഷ്ടപ്പെട്ടവരെ രക്ഷാ സന്ദേശം അറിയിക്കയും രക്ഷിക്കപ്പെട്ടവരെ ആത്മീക വർദ്ധന വരുത്തിയും പോരാടണം. ദൈവത്തിന്റെ ഈ കാഴ്ച്ചപ്പാടില്ലാതെ പ്രവർത്തിക്കുന്ന സഭകളാണ് പരാജയപ്പെടുന്നതു.

നാം ഇതു ചെയ്യുവാൻ പോകുമ്പോൾ അവന്റെ വാഗ്ദാനപ്രകാരം അവൻ നമ്മോടു കൂടെയുണ്ടാകും. യോശുവയോടും അപ്പൊസ്തലന്മാരോടും കൂടെയുണ്ടായിരുന്ന കർത്താവ് ഇന്നും നമ്മോടൊപ്പം ഉണ്ടാകും. പക്ഷെ നാം ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ ഒതുങ്ങി നില്ക്കണം. നമുക്കെതിരായി ശത്രുക്കൾ നിരന്നാലും നമ്മോടുകൂടെയുള്ളവൻ ബലവാനാകകൊണ്ടു നാം ഉറപ്പും ധൈര്യവും ഉള്ളവരായിരിക്കണം. സാത്താനുമായുള്ള നമ്മുടെ പോരാട്ടത്തിൽ ക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുമെന്നു മുന്നറിയിച്ചിട്ടുണ്ട്. നീ പത്രോസ് ആകുന്നു: ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും: പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല (മത്തായി 16:18). ദൈവം യോശുവയോടു പറഞ്ഞതുപോലെ കർത്താവും നമ്മോടു പറയുന്നു. നാം എഴുന്നേറ്റു മുന്നോട്ടു നീങ്ങണം. വാഗ്ദാന ദേശം നമുക്കു ദൈവം ഒരുക്കിയിരിക്കുന്നു.

## ദൈവത്തിന്റെ വെളിപ്പെടുത്തിയ ഇഷ്ടം അനുസരിക്കുക

എന്റെ ദാസനായ മോശ നിന്നോടു കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിനു നല്ല ഉറപ്പും ധൈര്യവും ഉള്ളവനായി മാത്രം ഇരിക്ക: ചെല്ലുന്നേടത്തൊക്കെയും നീ ശുഭമായിരിക്കേണ്ടതിനു അതുവിട്ടു ഇടത്തോട്ടോ വലത്തോട്ടോ

മാററുതു. ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളതു നിന്റെ വായിൽ നിന്നു നീങ്ങി പോകരുതു: അതിൽ എഴുതിയിരിക്കുന്നതു പോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചു കൊണ്ടിരിക്കേണം. എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും. യോശുവേ ഉറപ്പും ധൈര്യവും ഉള്ളവനാക എന്നു രണ്ടാമതും അവനെ ഓർപ്പിക്കുന്നു. ദൈവം കല്പിച്ചിട്ടുള്ള കല്പനകൾ വിട്ടു മാറാതെ എല്ലാം അങ്ങനെതന്നെ അനുസരിക്കുവാനും ദൈവം പറയുന്നുണ്ട്. ഇടത്തോട്ടോ വലത്തോട്ടോ മാററുതെന്ന് ദൈവം യോശുവയെ വിലക്കിയിരിക്കയാണ്. ദൈവത്തിന്റെ പ്രമാണങ്ങളിൽ നിന്നു അവൻ ഒരു വിധത്തിലും വ്യതിചലിക്കരുത്. ആ ന്യായപ്രമാണങ്ങളെ അവൻ അറിഞ്ഞു, സംസാരിച്ചു, രാവും പകലും ധ്യാനിക്കണമായിരുന്നു.

സഭകളും, ക്രിസ്ത്യാനികളും ഇന്നു ആ നിലവാരത്തിലേക്കു മടങ്ങിവരണം. ദൈവ വചനത്തിൽ മാത്രം നിലനില്ക്കുവാൻ നാം പഠിക്കണം. അതായിരിക്കണം നമ്മുടെ ജീവിത സഹായി. ദൈവം നമ്മോടു കല്പിക്കുന്ന സകല വചനങ്ങളും അനുസരിക്കുവാൻ നാം തയ്യാറാകണം. അധികം പേരും ദൈവവചനത്തിൽ ആശ്രയിക്കാതെ അവർ കേൾക്കുന്നതിൽ മാത്രം ആശ്രയിക്കുന്നു. ദൈവം പറയുന്നതെന്തെന്ന് തിരിച്ചറിയുവാൻ അവരുടെ മനസുതുറന്നു ദൈവവചനം പരിശോധിക്കുന്നില്ല. അവർ അവരുടെ സഭാദ്യക്ഷന്മാരും സഭയും പറയുന്നതു കേട്ടു അതു ആവർത്തിച്ചു ആചരിക്കുന്നു. എന്നാൽ അത് തിരുവെഴുത്തിൽ പറയുന്നതാണോ എന്നു ശോധന ചെയ്യുന്നില്ല. ദൈവ കല്പനകൾ പുതിയ നിയമത്തിൽ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്ന വിഷയങ്ങൾ പോലും ആളുകൾ ഇന്നു തലതിരിച്ചാണ് ചെയ്തുകൊണ്ടിരിക്കുന്നത്. സ്നാനം അവയിൽ ഒന്നാണ്. ദൈവത്തിന്റെ അരുളപ്പാടുകളിൽ നിന്നു ഇടത്തോട്ടോ വലത്തോട്ടോ നാം മാററുതു. വെളിപ്പെടുത്തിയിരിക്കുന്ന ദൈവേഷ്ടം നാം അനുസരിക്കുമ്പോൾ പിശാചു മുട്ടുമടക്കും. നാം അനുഗ്രഹീതരാകയും ചെയ്യും. അതാണ് ദൈവത്തിന്റെ വാഗ്ദാനം.

ദൈവജനം പാപം ചെയ്തപ്പോൾ എന്തു സംഭവിച്ചു എന്നു യോശുവക്കറിയാം. അവൻ അതു നേരിട്ടു കണ്ടതാണ്. കനാൻദേശം കൈവശമാക്കുവാനുള്ള ദൈവത്തിന്റെ പദ്ധതി നിഷേധിച്ച മുൻത

ലമുറക്കു സംഭവിച്ചതു യോശുവ കണ്ടതാണ്. പാപവും സംശയവും അവരുടെ കൂടാരങ്ങളിൽ ഉണ്ടായിരുന്നപ്പോൾ സംഭവിച്ചതു കണ്ട യോശുവക്കറിയാം വീണ്ടും അതുണ്ടായാൽ സംഭവിക്കുന്നതെന്തെന്നു. അസാദ്ധ്യമെന്നോ, പ്രയാസമെന്നോ തോന്നിയാൽ പോലും സംശയിക്കാതെ ശ്രദ്ധയോടെ അനുസരിക്കണമെന്നാണ് ദൈവം അവനെ ഓർപ്പിക്കുന്നതു.

കനാൻ ദേശം കൈവശമാക്കുവാൻ യോശുവക്കു ദൈവം കല്പന കൊടുത്തിരുന്നു. വാഗ്ദത്ത ദേശത്തേക്കു ദൈവ ജനത്തെ നയിച്ചുകൊണ്ടു പോകുവാൻ ദൈവം യോശുവയോടു പറഞ്ഞു. അവർ കീഴടക്കേണ്ട ദേശത്തിന്റെ അതിർത്തിയും നീളവും വീതിയും മുന്നറിയിച്ചിരുന്നു. ദൈവം അവരുടെ കേന്ദ്ര ബിന്ദുവായി വേണമായിരുന്നു. യോശുവയും ജനങ്ങളും ദൈവത്തിന്റെ ചട്ടങ്ങൾ പൂർണമായി അനുസരിക്കേണമായിരുന്നു.

ഇന്നു ക്രിസ്ത്യാനികളും സഭയും തങ്ങൾക്കു മുൻപിൽ വെച്ചിരിക്കുന്ന വാഗ്ദാന ദേശത്തേക്കു യാത്രതിരിക്കുകയാണു. യോശുവയും മറ്റും അന്നു ദൈവ നിർദ്ദേശം കേട്ടനുസരിച്ചു പ്രവർത്തിക്കേണ്ടിയിരുന്നതുപോലെ ഇന്നും പ്രവർത്തിക്കണം. ജനത്തിനായി ദൈവം വെച്ചിരിക്കുന്ന ദൗത്യം അവർ നിർവ്വഹിക്കണം. അതിനു വേണ്ട വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടു.

അതുപോലെ പിമ്പിലുള്ളതു മറന്നു മുമ്പിലേക്കു വേണം നാം നടക്കുവാൻ. സമയം വിലപ്പെട്ടതാണ്. മോശെ മരിച്ചപ്പോൾ നേതൃത്വത്തിനു മാറ്റം സംഭവിച്ചു. ഉത്തരവാദിത്വം മറ്റൊരാളുടെ ചുമലിലായി. യോശുവയാണ് ഇപ്പോൾ ജനത്തെ നടത്തേണ്ടതു. പുതിയ അദ്ധ്യക്ഷൻ പഴയ കാലത്തല്ല ജീവിക്കേണ്ടതു. തനിക്കു മുമ്പിലുള്ള വർത്തമാന കാലഘട്ടത്തിലാണു ജീവിക്കേണ്ടതും പ്രവർത്തിക്കേണ്ടതും.

ദൈവീക നിയന്ത്രണത്തിൽ നിന്നും നാം ഒഴിഞ്ഞുമാറുകയുമരുതു. ദൈവ നിർദ്ദേശം വിട്ടു ഇടത്തോട്ടോ വലത്തോട്ടോ തിരിയരുതെന്നു ദൈവം യോശുവയോടു പറഞ്ഞിരുന്നു. ദൈവം തന്റെ ജനത്തിനു നൽകിയ ചട്ടങ്ങളും വിധികളും അനുസരിക്കുന്നതിനു ശുഷ്ക്കാന്തിയുള്ളവനായിരിക്ക എന്നു ഓർപ്പിച്ചിരുന്നു. ഇന്നു കർത്താവിന്റെ സഭകൾ ചെയ്യേണ്ടതെന്തെന്നാൽ കർത്താവിന്റെ

കാഴ്ച്ചപ്പാടനുസരിച്ച് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കുന്ന ആത്മാവിനെ നമ്മിൽ വളർത്തിയെടുക്കണം. ദൈവവേഷ്ടത്തിനു നമ്മെത്തന്നെ സമർപ്പിക്കണം. യോശുവക്കു ദൈവം കൊടുത്ത അദ്ധ്യക്ഷതക്കുള്ള ചില തത്വങ്ങൾ കൂടെ പരിഗണിക്കാം.

## ദൈവ വാഗ്ദാനങ്ങളിൽ ആശ്രയിക്കുക

നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക. ഭയപ്പെടരുതു, ഭ്രമിക്കയും അരുതു എന്നു ഞാൻ നിന്നോടു കല്പിച്ചുവല്ലോ. അതിനു ശേഷം യോശുവ ജനത്തെ പ്രമാണിമാർക്കു ദൈവകല്പന വിവരിച്ചു കൊടുക്കുന്നു. ദൈവ വാഗ്ദാനങ്ങളിൽ ആശ്രയിക്കാതെ പലതും നേടിയെടുക്കാൻ ശ്രമിക്കുന്നു എന്ന അപാകത പല സഭകളിലും സുവിശേഷകന്മാരിലും കാണുന്നുണ്ടു. അവർക്കു മുന്നിൽ ആ ദൗത്യം വെച്ചിട്ടു യഹോവ വീണ്ടും യോശുവയോടു പറയുന്നതു: ഞാൻ നിങ്ങളോടു കൂടെ ഉണ്ട് എന്നാണ്. ഭയപ്പെടേണ്ടതില്ല എന്ന് ദൈവം ഓർമ്മിപ്പിക്കുന്നു. യോശുവയുടെ മുന്നിൽ വെച്ച മഹത്തായ ജോലി എങ്ങനെ നടത്തുംഎന്ന ഉൽക്കണ്ഠ ഒരു പക്ഷെ യോശുവയെ അലട്ടിയിരുന്നിരിക്കും. അതെന്തായാലും അവനു ഭയമുണ്ടായിരുന്നു എന്നു തീർച്ച. അതുകൊണ്ടാണ് ദൈവം അവനോടു ഭയപ്പെടരുതു എന്നു പറഞ്ഞതു. ദൈവം അവനോടു കൂടെ ഉണ്ടാകും എന്ന ഉറപ്പു ദൈവം കൊടുത്തു.

നമ്മുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന ദൈവ വാഗ്ദാനങ്ങൾ ലഭിക്കുവാനായി നമ്മുടെ മുൻപിൽ വെച്ചിരിക്കുന്ന ദൗത്യം എത്ര വലുതായാലും നാം അതിനെ നേരിടണം. സുഖഭോഗങ്ങളിൽ മുഴുകി ജീവിക്കുന്ന ആളുകളുടെ ലോകത്തിലാണു നാം ഇന്നു ജീവിക്കുന്നതു. ദൈവത്തോടടുക്കുവാൻ അധികം പേർക്കും താല്പര്യമില്ലാതെ തോന്നിയേക്കാം. ഭാരിച്ച ഒരു പ്രവൃത്തിയാണ് നമ്മുടെ മുമ്പിൽ ഉള്ളത്. ആ സമയത്ത് നാം ദൈവ വാഗ്ദാനങ്ങളെ മറക്കരുതു. ഞാനോ ലോകാവസാനത്തോളം നിങ്ങളോടു കൂടെയുണ്ട് എന്നാണ് കർത്താവ് അരുളിചെയ്തതു (മത്തായി28:19,20). ആകയാൽ ഈ കാര്യങ്ങളെക്കുറിച്ചു നാം എന്തു പറയേണ്ടു. ദൈവം നമുക്കു അനുകൂലമെങ്കിൽ പ്രതികൂലം ആർ (റോമർ 8:31). ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും: പാതാള ഗോപുരങ്ങൾ അതിനെ

ജയിക്കയില്ല (മത്തായി16:18). ആവർത്തിച്ചാവർത്തിച്ചു ദൈവം പറഞ്ഞിരിക്കുന്നതു നാം വിജയിക്കുമെന്നു തന്നെയാണു. നാം ദേശം കൈവശമാക്കുവാൻ പോകുമ്പോൾ നേരിടേണ്ടി വരുന്ന പ്രവൃത്തി വലുതോ ഭയപ്പെടുത്തുന്നതോ ആയാലും ദൈവ വാഗ്ദാനത്തിൽ ആശ്രയിച്ചാൽ വിജയം ഉറപ്പാണ്.

## നമുക്കു ഒരു പദ്ധതി ഉണ്ടാകണം.

എന്നാറെ യോശുവ ജനത്തിന്റെ പ്രമാണിമാരോടു കല്പിച്ചതു: പാളയത്തിൽ കൂടി കടന്നു ജനത്തോടു: നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു അവകാശമായി തരുന്ന ദേശം കൈവശമാക്കുവാൻ ചെല്ലേണ്ടതിനു നിങ്ങൾ മൂന്നു ദിവസം കഴിഞ്ഞിട്ടു യോർദ്ദാനക്കരെ കടക്കേണ്ടതാകയാൽ ഭക്ഷണ സാധനം ഒരുക്കിക്കൊൾവിൻ എന്നു കല്പിച്ചു (യോശുവ 1:10,11). വെറുതെ ഒരു പദ്ധതി ഉണ്ടാക്കിക്കൊണ്ടു വരികയല്ല അവൻ ചെയ്തതു. വിശ്വാസക്കുറവു നിമിത്തം ആ തലമുറയുടെ മാതാപിതാക്കന്മാർ മരിച്ചു പോയതു കണ്ടവരാണ് ആ ജനം. ദൈവം വാഗ്ദാനം ചെയ്ത ദേശം ഇപ്പോൾ കൈവശമാക്കണമെന്നാണു യോശുവ കല്പിക്കുന്നതു.

ഇന്നത്തെ സഭകൾ അവരുടെ അദ്ധ്യക്ഷന്മാരും നടത്തുന്നവരും പദ്ധതികൾ തയ്യാറാക്കി എല്ലാവരിലും എത്തിക്കുന്നതിൽ ശുഷ്ക്കാന്തിയുള്ളവരാകണം. വിവരക്കുറവോ, ഒരുക്കമില്ലായ്മയോ ആരിലും ഉണ്ടാകരുതു. ഒരു സമൂഹത്തിൽ സുവിശേഷ പ്രചാരത്തിനു നല്ല പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. കൈവശമാക്കാൻ പോകുന്ന ആളുകൾ എല്ലാവരും അതു അറിഞ്ഞിരിക്കണം. കെട്ടിടത്തിനുവേണ്ടിയോ അല്ലെങ്കിൽ ഭൗതീകമായ മറ്റു കാര്യങ്ങൾക്കു വേണ്ടിയോ ഉള്ള പ്രാനല്ല നമുക്കാവശ്യം. അതു വേണ്ട എന്നല്ല. പരസ്യമായി പറയേണ്ടതും പ്രവർത്തിക്കേണ്ടതുമായ സന്ദേശം നാം ഒരിക്കലും രഹസ്യമായി വെക്കരുതു എന്നർത്ഥം.

## എല്ലാവരും ഒന്നിച്ചു വലിക്കണം

പിന്നെ യോശുവ രൂബേന്യരോടും ഗാദ്യരോടും മനശ്ശെയുടെ പാതി ഗോത്രത്തോടും പറഞ്ഞതു എന്തെന്നാൽ: യെഹോവയുടെ ദാസനായ മോശെ നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു സ്വസ്ഥത നൽകി ഈ ദേശവും തന്നിരിക്കുന്നു. നിങ്ങളുടെ ഭാര്യമാ

രും കുഞ്ഞുകുട്ടികളും നിങ്ങളുടെ കന്നുകാലികളും യോർദ്ദാനക്കരെ മോശ നിങ്ങൾക്കു തന്ന ദേശത്തിരിക്കട്ടെ, എന്നാൽ നിങ്ങളിൽ യുദ്ധ പ്രാപ്തരായവരൊക്കെയും സന്നദ്ധരായി നിങ്ങളുടെ സഹോദര ന്മാർക്കു മുമ്പായി കടന്നു ചെന്നു യഹോവ നിങ്ങൾക്കു എന്ന പോലെ നിങ്ങളുടെ സഹോദരന്മാർക്കും സ്വസ്ഥത നല്കുകയും നിങ്ങളുടെ ദൈവമായ യഹോവ അവർക്കു കൊടുക്കുന്ന ദേശം അവർ കൈവശമാക്കുകയും ചെയ്യുവോളം അവരെ സഹായിക്ക ണം.

✶

# നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിക്ക

**തോമസ്. എഫ്. ഇ**

ആരാധന, നമസ്കാരം എന്നീ വാക്കുകൾ ദൈവവുമായുള്ള ബന്ധത്തിലാണു ഉപയോഗിക്കുന്നതു: ദൈവത്തിനു കൊടുക്കേണ്ട ആദരവാണു ഇതിൽ അടങ്ങിയിരിക്കുന്നത്. ദൈവത്തെ വന്ദിക്കുക യാണു നാം ചെയ്യുന്നതു. ദൈവീകത്വത്തിനു അർപ്പിക്കുന്ന ആദ രവും ബഹുമാനവുമാണ് നമുക്കു വേണ്ടതു. മനുഷ്യരിൽ നിന്നു അതീതമായി ഗുണഗണങ്ങളും ശക്തിയും അവനിൽ ഉന്നതമായി നില്ക്കുകയാണു. ദൈവികമായി ആരാധ്യൻ ദൈവം മാത്രമാണ്. മനുഷ്യരെ നാം ബഹുമാനിക്കണം. ആരാധിക്കരുതു, അഥവാ നമ സ്ക്കരിക്കരുതു. ദൈവത്തിനു കൊടുക്കേണ്ട സ്ഥാനം മറ്റാർക്കും കൊടുക്കരുതു എന്നർത്ഥം.

പ്രോസ്ക്കുനേയോ എന്ന ഗ്രീക്കു പദമാണു പുതിയ നിയമത്തിൽ നമസ്ക്കാരത്തിനു ഉപയോഗിച്ചിരിക്കുന്നതു. ചുംബിക്കുക എന്നർത്ഥം വരുന്ന വാക്കാണതു. സ്നേഹപ്രകടനം ചുംബനത്താൽ നാം നടത്താറുണ്ട്. അറുപതു പ്രാവശ്യം ഈ വാക്കു ഉപയോഗിച്ചി ട്ടുണ്ടു. ഒരാൾ മറ്റൊരാൾക്കു കൊടുക്കുന്ന ആരാധനാ മനോഭാവ മാണു അർത്ഥമാക്കുന്നതു. ബഹുമാനത്തോടെ വന്ദിക്കേണ്ടവനാണു ദൈവം.

## സ്വീകാര്യമായ ആരാധനയിൽ ബോധ പൂർവ്വമായുള്ള ശ്രമം ഉൾപ്പെട്ടിരിക്കുന്നു.

യാദൃശ്ചികമായി ഏർപ്പെടുന്ന ഒരു പ്രവൃത്തിയല്ല നമസ്ക്കാരം. കാഴ്ച്ചക്കായി ചെയ്യുന്ന ഒരു ചടങ്ങുമല്ല അതു. ദൈവഹിതം നിറവേറ്റുവാൻ സുബോധത്തോടെ ചെയ്യുന്ന ഒന്നാണതു. താൻ നടത്തുന്നതു ദൈവത്തെ പ്രസാദിപ്പിക്കാനാണു എന്ന അറിവോടെ വേണം ചെയ്യുവാൻ. ദൈവത്തെ ആരാധിക്കാൻ കയ്യീനും ഹാബേലും ഒരു ശ്രമം നടത്തിയതായി ഉല്പത്തി പുസ്തകത്തിൽ നാം വായിക്കുന്നുണ്ട് (ഉല്പത്തി 4:3,4). രണ്ടുപേരും ദൈവത്തിനു യാഗം അർപ്പിച്ചു. ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചു എന്നും കയ്യീന്റേതിൽ ദൈവം പ്രസാദിച്ചില്ല എന്നും നാം വായിക്കുന്നു. വിശ്വാസത്താൽ ഹാബേൽ കയ്യീന്റേതിലും ഉത്തമമായ യാഗം അർപ്പിച്ചു എന്നു എബ്രായ ലേഖകൻ വിവരിക്കുന്നുണ്ട് (എബ്രായർ 11:4). ഹാബേൽ ദൈവഹിതം എന്തെന്നു തിരിച്ചറിഞ്ഞു പ്രവർത്തിച്ചു. എന്നാൽ കയ്യീൻ തന്റെ സ്വന്ത ഇഷ്ടപ്രകാരം ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിച്ചു. രണ്ടിലും ബോധപൂർവ്വമുള്ള ശ്രമം ഉണ്ടായിരുന്നു.

അബ്രഹാം സകലത്തിലും ദൈവത്തെ അനുസരിച്ചു സ്വന്ത പുത്രനെ ബലിയായി അർപ്പിക്കുവാൻ മടി കാണിക്കാതിരുന്ന വിശ്വാസമാണു അവനുണ്ടായിരുന്നതു. അബ്രഹാം തന്റെ മകനും യാഗവസ്തുക്കളുമായി പോയി. ദൂരത്തുനിന്നു ആ സ്ഥലം കണ്ടപ്പോൾ അബ്രഹാം തന്റെ ബാല്യക്കാരോടു: നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ ഞാനും ബാലനും അവിടത്തോളം ചെന്നു ആരാധന കഴിച്ചു മടങ്ങിവരാം എന്നു പറഞ്ഞു (ഉല്പത്തി 22:5). ദൈവത്തെ ആരാധിക്കുവാൻ അബ്രഹാം ബോധപുർവ്വം ഒരു ശ്രമം നടത്തി. താൻ എന്താണു ചെയ്യുവാൻ പോകുന്നതെന്നു അവനറിയാമായിരുന്നു. അതു ദൈവ കല്പനപ്രകാരമായിരുന്നു. ദൈവ മക്കൾ നിശ്ചയിക്കുന്ന സ്ഥലത്തു ആരാധിക്കുക എന്ന ഉദ്ദേശത്തോടെ കൂടി വരേണം.

ശമര്യക്കാരിയായ സ്ത്രീയോടു സംഭാഷണം നടത്തുമ്പോൾ അന്നു യഹൂദന്മാർ ആരാധനക്കായി യെരുശലേമിൽ പേകേണമായിരുന്നു. മിസ്രയീമിൽ നിന്നു ഷണ്ഡൻ ദൈവത്തെ ആരാധിക്കു

വാൻ യെരുശലേമിൽ പോയിരുന്നു (പ്രവൃത്തി 8:28). ദൈവത്തെ നമസ്കരിക്കേണ്ടതു സത്യത്തിലും ആത്മാവിലുമാണെന്നു കർത്താവു വ്യക്തമാക്കി (യോഹന്നാൻ 4:24).

## സ്വീകാര്യമായ ആരാധനയിൽ പല ഘടകങ്ങളും ഉണ്ട്.

**അനുസരണം:** മലാഖിപ്രവാചകന്റെ കാലത്തു പുരോഹിതന്മാർ യഹോവയുടെ നാമത്തെ തുച്ഛീകരിക്കുന്നതായി കുറ്റം ആരോപിക്കപ്പെട്ടിട്ടുണ്ട്. കാരണം അവർ യാഗം അർപ്പിച്ചിരുന്നതു ദൈവ നിർദ്ദേശ പ്രകാരമായിരുന്നില്ല. ഊനമില്ലാത്ത യാഗം കഴിക്കാനായിരുന്നു ദൈവം കല്പിച്ചിരുന്നതു. പക്ഷെ അവർ മുടന്തുള്ളതും കണ്ണു പോട്ടിയതും ആയവയെ യാഗമായി അർപ്പിച്ചു. ഈ അനുസരണക്കേടു നിമിത്തം അവരുടെ ആരാധന ദൈവം സ്വീകരിച്ചില്ല. ഹൃദയത്തിൽനിന്നായിരിക്കണം നമ്മുടെ ബന്ധം ഉണ്ടാകേണ്ടതു.

**മനോഭാവം:** തങ്ങൾ നീതിമാന്മാർ എന്നും മറ്റുള്ളവർ എല്ലാം പാപികൾ എന്നും നിരൂപിച്ചിരുന്നവരെ കുറിച്ചു യേശു ഒരു ഉപമ പഠിപ്പിക്കുന്നുണ്ടു. പരീശനും ചുങ്കക്കാരനും പ്രാർത്ഥിക്കാൻ ദേവാലയത്തിൽ പോയി. പരീശന്റെ സ്വയനീതീകരണത്തെ ദൈവം കേട്ടില്ല. പാപം ഏറ്റു പറഞ്ഞ ചുങ്കക്കാരന്റെ പ്രാർത്ഥന ദൈവം കേട്ടു.

**വിശുദ്ധ ജീവിതം**

ആമോസിന്റെ കാലത്തു ദൈവത്തെ തുച്ഛീകരിച്ചു ആരാധിച്ചപ്പോൾ യഹോവയായ ദൈവം അതു സ്വീകരിക്കയില്ല എന്നു പറഞ്ഞിരുന്നു. ദൈവ വചനം അനുസരിക്കാതെയാണു അവർ ജീവിച്ചതു എന്നതായിരുന്നു കാരണം (ആമോസ് 5:21-24). വ്യർത്ഥമായുള്ള കാഴ്ച്ച ദൈവ സന്നിധിയിൽ കൊണ്ടുവരരുതു. ധൂപം എനിക്കു വെറുപ്പാകുന്നു. അമാവസ്യകളും ശബ്ബത്തും സഭായോഗം കൂടുന്നതും എനിക്കു സഹിച്ചുകൂടാ എന്നു ദൈവം പറഞ്ഞിരുന്നു. കാരണം അവരുടെ പ്രവൃത്തി ദോഷമുള്ളതായിരുന്നു. അതു കൊണ്ടു ദൈവം അവരുടെ പ്രാർത്ഥനപോലും കേട്ടില്ല (യെശയ്യാവ് 1:11-17). ക്രിസ്ത്യാനികൾ വിശുദ്ധജീവിതം നയിച്ചു കൊണ്ടു വേണം ദൈവത്തെ ആരാധിക്കുവാൻ. പരിശുദ്ധനായ ദൈവത്തിനു നാം വിശുദ്ധയാഗമായി തീരണം (റോമർ 12:1,2, 1പത്രൊസ് 2:5). നിഷ്ക്കളങ്കജീവിതമാണ് ക്രിസ്തുവിന്റെ അനുയായികൾ നയിക്കേണ്ടത്.

## നാലുതരം ആരാധന

മനുഷ്യർ നടത്തിക്കൊണ്ടിരിക്കുന്ന ആരാധനയെ നാലായി തരം തിരിക്കാവുന്നതാണ്. 1, **തെറ്റായ ആരാധന** (യിരമ്മ്യാവ് 19:5). ജീവനുള്ള ദൈവത്തെ ത്യജിച്ച് യിസ്രായേൽ ബാലിനെ ആരാധിച്ചതു തെറ്റായ ഒന്നായിരുന്നു. അതു ദൈവത്തിനു വെറുപ്പുളവാക്കി. **2,സ്വേച്ഛാരാധന.** സ്വന്ത ഇഷ്ടപ്രകാരമുള്ള ശരീര ദണ്ഡനം. താഴ്മ. ദൂതന്മാരെ നമസ്കരിക്കൽ എന്നിവ ഇതിൽ പെടുന്നു. 3, **വ്യർത്ഥാ ചെയ്യുന്ന ആരാധന.** മനുഷ്യ കല്പനകളെ പഠിപ്പിച്ചു ദൈവത്തെ ആരാധിക്കുന്നതു വെറുതെയാണ് (മത്തായി 15:7-9). 4, **സത്യാരാധന** (യോഹന്നാൻ 4:23,24). ഈ ഒരു ആരാധന മാത്രമേ ദൈവം സ്വികരിക്കുന്നുള്ളു. ആയുഷ്ക്കാലം മുഴുവനും നാം ദൈവത്തെ നമസ്കരിക്കണം. ദൈവത്തെ അവന്റെ ഹിതപ്രകാരം മഹത്വപ്പെടുത്തേണം. അതിലുടെ ലഭിക്കുന്ന കൂട്ടായ്മ ഉപകാര പ്രദവുമാണ്.

✶

# വചനം പ്രസംഗിക്ക

## ഫ്രാൻസിസ് ഡേവിഡ്

സുവിശേഷകന്മാരും ഉപദേഷ്ടാക്കന്മാരും ലോകത്തിൽ ധാരാളമുണ്ടു. എന്നാൽ വചനം മാത്രം പ്രസംഗിക്കുന്നവർ വളരെ ചുരുക്കമാണ്. കെട്ടുകഥകളും അനുഭവസാക്ഷ്യങ്ങളും പൊടിപ്പും തൊങ്ങലും വെച്ചു പ്രസംഗിച്ചു ആളുകളെ ആകർഷിക്കുന്നവർ ഉണ്ടു. എന്നാൽ ദൈവേഷ്ടം മനുഷ്യരെ ബോധ്യപ്പെടുത്തുക എന്നതായിരിക്കും അവരുടെ ലക്ഷ്യം. എല്ലാ സുവിശേഷകന്മാരും ഉപദേഷ്ടാക്കന്മാരും അറിഞ്ഞിരിക്കേണ്ടതും പാലിക്കേണ്ടതുമായ സത്യം കേൾക്കുക. ഞാൻ ദൈവത്തേയും ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനേയും സാക്ഷിവെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നതു. വചനം പ്രസംഗിക്ക, സമയത്തിലും

അസമയത്തിലും ഒരുങ്ങിനിൽക്ക, സകല ദീർഘ ക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക, തർജ്ജനം ചെയ്യുക, പ്രബോധിപ്പിക്ക (2 തിമൊഥെയൊസ് 4:1,2). ഒരു സുവിശേഷകനു ദൈവത്തോടും മനുഷ്യരോടും ഉത്തരവാദിത്വമുണ്ടു. നിർഭാഗ്യവശാൽ ഏതാനും പേർ ദൈവത്തിന്റെ ഉപദേശത്തെ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നു. അതുകൊണ്ടു ദൈവ വേലക്കു ഭംഗം വരുന്നു.

ചിലപ്പോൾ സുവിശേഷകന്മാരിലും അവരുടെ പ്രവർത്തനങ്ങളിലും ആളുകൾ വിരൽ ചൂണ്ടും. ആളുകൾ പറയുന്നതു കേൾക്കാം: ചില ഉപദേഷ്ടാക്കന്മാർ ശരിയായിട്ടല്ല ജീവിക്കുന്നതു എന്നു. ഒരു ഉപദേഷ്ടാവ് എങ്ങനെ ആയിരിക്കണമെന്നറിയാൻ നാം ദൈവവചനത്തിലേക്കു നോക്കണം. ഒരു സുവിശേഷകനായിരുന്ന പോലോസു തന്റെ സഹ പ്രവർത്തകരോടു പറയുന്നതു അവനെ അനുകരിക്കാനാണ്. ഉപദേഷ്ടാക്കന്മാരിൽ ഏറ്റവും നല്ല മാതൃകയാണ് പൗലോസ് കാണിച്ചു തരുന്നതു. തന്റെ ശരീരത്തെ നിയന്ത്രിച്ചു താൻ കീഴ്പ്പെടുത്തിയിരുന്നു (1കൊരിന്ത്യർ 9:27). അതിന്റെ കാരണം പൗലൊസ് പറയുന്നതെന്തെന്നാൽ താൻ മറ്റുള്ളവരോടു പ്രസംഗിച്ചിട്ടു കൊള്ളരുതാത്തവനായി ജീവിച്ചാൽ ഒരു ഉപദേഷ്ടാവു എന്ന നിലയിൽ അവൻ അയോഗ്യനായി തീരുന്നു എന്നത്രേ. ഉപദേഷ്ടാക്കന്മാർ പലരും അവരുടെ മോശമായ ജീവിതവും പെരുമാറ്റവും കാരണം പോതു ജനങ്ങൾക്കു അവരിൽ വിശ്വാസം നഷ്ടമാകുന്നു.

ആദ്യമായി ഒരു ഉപദേഷ്ടാവു മനസിലാക്കേണ്ടതു താൻ ഒരു വലിയ മനുഷ്യനാണെന്നോ ഒരു ഇടവകയുടെ മുഴുവൻ നിയന്ത്രണം തന്നിലാണെന്നോ അല്ല. ഒരു സുവിശേഷകൻ ദാസനാണെന്നു തിരിച്ചറിയണം. അവൻ ദൈവത്തിന്റെ ദാസനാണ്. അവന്റെ സേവനം ശ്രേഷ്ടമാണ്. ദൈവരാജ്യത്തിലാണ് അവൻ വേല ചെയ്യേണ്ടതു (2 തിമൊഥെയോസ് 2:24). കർത്താവിന്റെ ദാസൻ ശണ്ഠയിടാത്ത സൗമ്യനായിരിക്കണം. യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ താഴ്മ ധരിച്ചു എങ്ങനെ അന്യോന്യം സേവിക്കണ മെന്നതിനു യേശു അവർക്ക് ഒരു മാതൃക കാണിച്ചു കൊടുത്തു. അവൻ അവരുടെ കാലുകൾ കഴുകിയിട്ടു പറഞ്ഞു: നിങ്ങൾ ഇതു അറിഞ്ഞു ചെയ്യുന്നുവെങ്കിൽ ഭാഗ്യവാന്മാർ എന്നു. ഒരു ദാസന്റെ സ്വഭാവം

ഉൾക്കൊണ്ടു പ്രവർത്തിക്കേണ്ടവരാണ് ദൈവ ശുശ്രൂഷക്കാർ (മത്തായി 13-ാംഅദ്ധ്യായം).

അനേകം സൽസ്വഭാവത്തിനുടമയായിരിക്കണം ഒരു സുവിശേഷകൻ എന്നു ബൈബിൾ വായിച്ചു പഠിക്കുമ്പോൾ നമുക്കു ബോധ്യമാകും. ധാരാളം വെല്ലുവിളികൾ അവൻ അഭിമുഖീകരിക്കേണ്ടി വരും. അതിലെല്ലാം ദൈവ വചന വെളിച്ചത്തിൽ വേണം അവൻ മുമ്പോട്ടുപോകുവാൻ. അവൻ നിരപവാദ്യനാകണം. വിശുദ്ധ ജീവിതം നയിക്കണം. അവൻ സമൂഹത്തിൽ പ്രവർത്തിക്കുന്നവനാണ്. ദുർഭാഷണമോ, പുകവലിയോ, മദ്യപാനമോ, ചതിയോ, ഞ്ചനയോ യാതൊന്നും അവനിൽ പാടില്ല. യുവാവായിരുന്ന തിമൊഥെയൊസിനോടു പൗലോസ് പറയുന്നതു ആരും നിന്റെ യൗവനം തുഛീകരിക്കരുത്. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക (1തിമൊഥെയൊസ് 4:12). അവന്റെ ലക്ഷ്യം ദൈവഭക്തി ആയിരിക്കണം. ജീവിതവും ഭക്തിപൂർണമായിരിക്കണം. അവന്റെ ദൈവ ഭക്തി പൂർണ്ണമായിരിക്കണം. അലംഭാവത്തോടുകൂടിയ ദൈവ ഭക്തി വലിയ ആദായമാകുന്നു (1തിമൊഥെയൊസ് 6:6).

എല്ലാവരോടും ദയയും മനസലിവും പ്രകടിപ്പിക്കണം: സ്നേഹപൂരസരം പെരുമാറണം. മുഖപക്ഷം കാണിക്കരുതു. നിർവ്യാജ വിശ്വാസം ഉപദേഷ്ടാക്കന്മാർ കാണിച്ചു കൊടുക്കണം. നീ പക്ഷമായി ഒന്നും ചെയ്യാതെകണ്ടു സിദ്ധാന്തം കൂടാതെ ഇതു പ്രമാണിച്ചു കൊള്ളേണം. എന്നു ഞാൻ ദൈവത്തേയും ക്രിസ്തുയേശുവിനേയും ശ്രേഷ്ഠ ദൂതന്മാരേയും സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു (1തിമൊഥെയൊസ് 5:21). ദ്രവ്യാഗ്രഹികളും സ്വാർത്ഥമതികളുമായ സുവിശേഷകന്മാർ കണ്ടേക്കാം. അതു ദൈവ വചനത്തിനെതിരാണ്. ധനസമ്പാദനത്തിനു പരിശ്രമിക്കുന്നവരെല്ലാം പരീക്ഷയിലും കണിയിലും കുടുങ്ങുകയും സംഹാര നാശങ്ങളിൽ കുടുങ്ങി പോകുവാൻ ഇട വരുന്ന പല മൗഢ്യവും ദോഷകരവുമായ മോഹങ്ങൾക്കു ഇരയായി തീരും (1 തീമൊഥെയൊസ് 6:9,10).

ഒരു ഉപദേഷ്ടാവ് ഇദം പ്രഥമമായി സ്ഥാനം കൊടുക്കേണ്ടത് ദൈവത്തിനും സഭക്കും ആത്മീയതക്കുമായിരിക്കണം. നല്ല ഇടയനായ യേശുവിന്റെ മാതൃകയാണ് അവൻ ഇടവകകൾക്ക് കാണിച്ചു

കൊടുക്കേണ്ടത്. താനും തന്റെ കുടുംബവും എങ്ങനെ ജീവിക്കുന്നു എന്ന് എല്ലാവരും ശ്രദ്ധിക്കും. ആരാധന മുടക്കുന്ന മക്കൾ ഉണ്ടെങ്കിൽ അവരെ ദൈവ കല്പന പ്രമാണിക്കുവാൻ പഠിപ്പിക്കണം. സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുവാൻ കഴിയാത്തവൻ കർത്താവിന്റെ സഭയെ എങ്ങനെ നയിക്കും. ഒരു സുവിശേഷകന്റെ സ്വഭാവത്തിനു പ്രാധാന്യമുണ്ട്. ഒരിക്കൽ സ്വഭാവദൂഷ്യം സംഭവിച്ചാൽ അതു ആളുകളുടെ മനസിൽ നിന്നു മാറ്റാൻ വളരെ പ്രയാസമാണ്. ഒരാൾ സമൂഹത്തിൽ നല്ല അറിയപ്പെടുന്ന ഒരു പ്രാസംഗികനായേക്കാം. എന്നാൽ അയാളുടെ ജീവിതം ക്രമ വിരുദ്ധമെന്നു അളുകൾ തിരിച്ചറിഞ്ഞാൽ ലഭിച്ച ബഹുമാനവും ആദരവും പൊയ്പോകും.

ഒരു സുവിശേഷകൻ എന്നും ബൈബിൾ പഠിക്കുന്നവനാകണം. സത്യ വചനത്തെ യാഥാർത്ഥമായി പ്രസംഗിക്കുവാൻ പരിജ്ഞാനം ആവശ്യമാണ്. പ്രസംഗിക്കുന്നതും പഠിപ്പിക്കുന്നതും ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമായിരിക്കണം (1 പത്രൊസ് 4:11). മനുഷ്യരുടെ ഉപദേശങ്ങളോ, പാരമ്പര്യങ്ങളോ, കെട്ടു കഥകളോ അല്ല പ്രഖ്യാപിക്കേണ്ടതു. സത്യവചനത്തിനായിരിക്കണം. മുൻതൂക്കം കൊടുക്കേണ്ടതു. ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നവർ ദൈവ ഹിതമാണു മനുഷ്യരെ അറിയിക്കേണ്ടതു.

അവസാനമായി, ഒരാൾക്കു എങ്ങനെ നല്ല ഒരു വേലക്കാരനായി തീരാൻ കഴിയും എന്നു നോക്കാം. സത്യം മാത്രം പ്രസംഗിച്ചു സമയത്തിലും അസമയത്തിലും വചനം മാത്രം പ്രസംഗിച്ചു കൊണ്ടിരിക്കണം. കാരണം, ആതാണ് ദൈവം നിങ്ങളിൽ നിന്നു പ്രതീക്ഷിക്കുന്നതു (2തിമൊഥെയോസ് 4:2). സ്നേഹത്തിലായിരിക്കണം സത്യം സംസാരിക്കേണ്ടതു പ്രസംഗിക്കുന്നതു ജീവിതത്തിൽ പകർത്തുകയും വേണം (1കൊരിന്ത്യർ 9:27). ക്രിസ്തുവിന്റെ സുവിശേഷത്തിനു മാറ്റം വരുത്താതെ അറിയിക്കുവാനുള്ള ഉത്തരവാദിത്വമാണ് ദൈവം നമ്മിൽ തന്നിരിക്കുന്നതു. വചനത്തോടു കൂട്ടുകയോ അതിൽനിന്നു കുറക്കുകയോ ചെയ്യരുത്. കാരണം തിരുവെഴുത്തുകൾ തികവുള്ളതാണ്. അത് മനുഷ്യരെ തികവുള്ളവരാക്കും

✶

# നിരപ്പ്

## ഫ്രെഡ് ദില്ലൻ

ലോകസ്ഥാപനം മുതൽ ദൈവ മനസിൽ മനുഷ്യർക്കുള്ള സ്ഥാനം ഉയർന്നതു തന്നെ. ദൈവ കല്പനയെ ലംഘിച്ചു ശാപഗ്രസ്തരായിട്ടും മർത്യരെ സ്വർഗ്ഗീയ നീലവാരത്തിലേക്കു ഉയർത്തുവാനാണു ദൈവം പദ്ധതി രൂപപ്പെടുത്തിയതു. സ്വർഗ്ഗത്തിലേ പോലെ ഭൂമിയിലും ആകേണമെന്ന തത്വമാണു നാം ഗ്രഹിക്കേണ്ടതു. ക്രിസ്തുവിനെ ഭൂമിയിൽ അയക്കുന്നതു അതു നിറവേറ്റുവാനായിരുന്നു. ഇതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ. അവൻ നമ്മെ ക്രിസ്തു മൂലം തന്നോടു നിരപ്പിച്ചു. നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ ശുശ്രൂഷ ഞങ്ങളുടെ പക്കൽ ഭരമേൽപ്പിച്ചിരിക്കുന്നു (2കൊരിന്ത്യർ 5:18,19). നിരപ്പ് എന്ന വാക്കിന്റെ അർത്ഥം വീണ്ടും സൗഹൃദത്തിലാകുക, വഴക്കു തീർക്കുക എന്നാണ്. ഭാര്യയും ഭർത്താവും തമ്മിൽ വഴക്കിടുകയും പിന്നീടു അവർ രമ്യതയിലെത്തുകയും ചെയ്യുന്നുണ്ട്. അതേപോലെ മാതാപിതാക്കളും മക്കളും തമ്മിൽ എന്തിന്റെ എങ്കിലും പേരിൽ ശണ്ഠയിടാറുണ്ട്. എന്നാൽ മദ്ധ്യസ്ഥൻ മുഖേന അതു പരിഹരിക്കുന്നുമുണ്ടു. സഹോദരി സഹോദരന്മാർ തമ്മിലും ഭിന്നിപ്പും വഴക്കും ഉണ്ടാകുന്നുണ്ടു. അതും ഇതു പോലെ പറഞ്ഞു തീർത്തു പരിഹരിക്കാറുണ്ടു. രാജ്യങ്ങൾ തമ്മിലും അകന്നു പോയിട്ടു രമ്യപ്പെടാറുണ്ടു. ആ യോജിപ്പിൽ ഓരോരുത്തരും സന്തോഷിക്കയും ചെയ്യുന്നുണ്ട്. യോജിപ്പ് ആത്മാർത്ഥതയോടെ ആയിരിക്കണം എന്നു മാത്രം.

അറുപതു വയസിനു മുകളിൽ പ്രായമുള്ളവർക്കു ഒർമ്മയുണ്ടാകും ഒരിക്കൽ അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ സഖ്യകക്ഷികളും, ജർമ്മനി, ഇറ്റലി, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളുമായി ഏറ്റുമുട്ടി നിരവധിപട്ടണങ്ങളും ടൗണുകളും നശിപ്പിക്കപ്പെട്ടു. ദശലക്ഷക്കണക്കിനു ആളുകൾ കൊല്ലപ്പെട്ടു. അതിലെ അവസാന ഇരയായിരുന്നുവല്ലോ ജപ്പാനിൽ വർഷിച്ച ബോംബ്.

ഭൗതീകമായ ജീവിതത്തിൽ യോജിപ്പിനുള്ള ഫലം വലുതായിരിക്കെ. ആത്മീയമായി ദൈവത്തോടുള്ള നിരപ്പ് എത്രമാത്രം

ശ്രേഷ്ഠവും പ്രയോജനപ്രദവുമെന്നു തിരിച്ചറിയുക.നിങ്ങൾ ക്രിസ്തു മുഖാന്തിരം ദൈവത്തോടു നിരപ്പു പ്രാപിച്ചിട്ടുണ്ടോ എന്നതാണു ചോദ്യം. നിരപ്പു വലിയൊരു നേട്ടം തന്നെയാണു. അതു ദൈവത്തോടുള്ളതാകുമ്പോൾ അതിനുള്ള പ്രത്യേകത ഏറും. ദൈവവും മനുഷ്യരും തമ്മിലുള്ള പ്രത്യേകത ഏറും. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം പുനഃസ്ഥാപിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന അനുഭൂതി ഒന്ന് വേറെതന്നെയാണ്. അതൊരു വലിയ പ്രവൃത്തിതന്നെയാണ്. മനുഷ്യർക്കു ഒന്നും ചെയ്യുവാൻ കഴിയാതെ വന്നപ്പോൾ ദൈവമാണു വഴിയൊരുക്കിയത്. ക്രിസ്തുവാണു അതിനു വേണ്ടി അദ്ധ്വാനിച്ചത്.

മനുഷ്യർ ദൈവത്തോടു നിരപ്പാകുക എന്നതാണു മനുഷ്യന്റെ എക്കാലത്തെയും ഏറ്റവും വലിയ ആവശ്യം. ആദാമിനും മോശെക്കും സങ്കീർത്തനക്കാരനായ ദാവീദിനും ഹൃദയ സ്പർശിയായ മാനസാന്തരം ആവശ്യമായിരുന്നു. മാനസാന്തരം ആവശ്യമില്ലാത്ത മനുഷ്യർ ആരുമില്ല. സൃഷ്ടികർത്താവിൽ നിന്നു സൃഷ്ടികളായ മനുഷ്യരെ വേർപിരിക്കുന്നതു നിയമലംഘനം മാത്രമാണു (സങ്കീർത്തനങ്ങൾ 51). ഈ ഭൂമിയിൽ മസുഷ്യർ ഉള്ളേടത്തോളം ആളുകൾക്ക് സ്വയം പാപത്തിൽ നിന്ന് വിട്ടുനിൽക്കാൻ സാധിക്കാത്തതു കൊണ്ടു നിരപ്പ് അനിവാര്യമാണ് (റോമർ 3:23).

പാപവും അതിന്റെ അനന്തര ഫലമായ മരണവും മനുഷ്യരെ പിന്തുർന്നു കൊണ്ടാണിരിക്കുന്നതു. അതുമൂലമുണ്ടാകുന്ന വേദനയും ഭീതിയും അകറ്റുവാൻ കഴിയുന്നതാണു നിരപ്പ്. ദൈവം ചെയ്യാൻ പറഞ്ഞതു ചെയ്യാതിരിക്കുകയും ചെയ്യരുതെന്നു പറഞ്ഞിരിക്കുന്നതു ചെയ്യുകയുമാണ് ആളുകൾ ചെയ്യുന്നത് (1യോഹന്നാൻ 3:4,യാക്കോബ് 4:7). മനുഷ്യൻ എല്ലാം കൊണ്ടും നിരാശയിലാണ്ടു കഴിഞ്ഞപ്പോൾ അതിൽ നിന്നു കരകയറുവാൻ സഹായവുമായിട്ടാണു ക്രിസ്തു വരുന്നതു. കാരണം നിരപ്പിലെത്തിയില്ലെങ്കിൽ നിത്യനാശമാണു ഫലം (2 തൊസലോനിക്യർ 1:7-9).

ദൈവത്തിന്റെ കൃപയാൽ ക്രിസ്തു കഷ്ടം അനുഭവിച്ചു മരിക്കയാൽ രക്തം ചിന്തി പാപ പരിഹാരയാഗം കഴിച്ചു (എബ്രായർ 2:9). നാം പാപികളായിരുന്നപ്പോഴാണു ദൈവം തന്റെ സ്നേഹം പ്രദർശിപ്പിച്ചതു. യേശു ദൈവത്തിനായി ഒരു കുഞ്ഞാടായി തീർന്നു. പാപി

കൾക്കു വേണ്ടി ഒരു കുഞ്ഞാടായി തീർന്നു. പാപികൾക്കു വേണ്ടി ഒരു മദ്ധ്യസ്ഥനും രക്ഷകനുമായി തീർന്നു (1തിമൊഥെയൊസ് 2:5). വീണ്ടെടുപ്പുകാരനും ഇടനിലക്കാരനുമായി തീർന്നു.

അതു കൂടാതെ നിരപ്പിന്റെ വചനവും ശുശ്രൂഷയും നല്കി (2 കൊരിന്ത്യർ 5:19). സുവിശേഷം ഇന്നു മനുഷ്യരെ ദൈവത്തോടു അടുപ്പിക്കുന്ന നിരപ്പിന്റെ വചനമാണ്. ക്രിസ്തു മുഖാന്തിരമാണ് സത്യ വചനത്താൽ ആളുകളുടെ പാപങ്ങൾ മോചിച്ചു കൊടുക്കുന്നത്. ഏതൊരു ആത്മാവിന്റെയും രക്ഷക്കുള്ള സുവിശേഷം ആളുകൾ സ്വീകരിച്ചാൽ അവർക്കു ദൈവത്തോടു അടുക്കാം (യാക്കൊബ് 1:21-25).ഈ ജീവന്റെ വചനം എല്ലാവരും അറിയണം.

സകല സൃഷ്ടികളോടും സുവിശേഷം സ്പസംഗിക്ക എന്ന കല്പന യേശുക്രിസ്തു നല്കിയതു മനുഷ്യരെ ദൈവത്തിങ്കലേക്കു നിരപ്പിക്കുവാനാണ് (മത്തായി 28:18-20). ഈ സുവിശേഷം ആളുകൾ വിശ്വസിക്കണം. രക്ഷക്കുള്ള സുവിശേഷമാണ് നിരപ്പിന്റെ വചനം (റോമർ 1:16). ആ വിശ്വാസം മാനസാന്തരത്തിലേക്കും ഏറ്റു പറച്ചിലിലേക്കും സ്നാനത്തിലേക്കും നീങ്ങണം. അനുസരണം വചനം കേൾക്കുന്നവരിൽ നിന്നു ദൈവം പ്രതീക്ഷിക്കുന്നു. പിതാവിന്റെ ഇഷ്ടത്തോടു ആളുകൾ യോജിക്കണം. എങ്കിലേ നിരപ്പു സാദ്ധ്യമാകയുള്ള (മത്തായി7:21, വെള്പ്പാട് 22:14).

നിരപ്പിന്റെ ശുശ്രൂഷ കർത്താവിന്റെ സഭയിലെ വിശുദ്ധന്മാരായവരെ ദൈവം ഏല്പിച്ചിരിക്കയാണ്. വിശ്വസ്ത മനുഷ്യരെയാണ് നിരപ്പിന്റെ വചനം ഏല്പിക്കേണ്ടത്. എങ്കിൽ മാത്രമെ അതിനു ദൈവം ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളു. ഈ വചനം കേട്ടനുസരിക്കുന്ന ഏതൊരു രാജ്യത്തിലേയും വിശ്വാസിക്കു ദൈവം തന്റെ നിക്ഷേപത്തിലുള്ള സകല അനുഗ്രഹങ്ങളും കൊടുക്കും. ദൈവത്തിൽ നിന്നുള്ള രക്ഷകർത്താവിന്റെ കല്പനകൾ അങ്ങനെ തന്നെ വിശ്വസിച്ചു വിധേയപ്പെടുന്നവർക്കാണ് (മർക്കൊസ് 16:15,16).

നിങ്ങൾ ദൈവ പദ്ധതിയനുസരിച്ചു ദൈവത്തോടു നിരന്നു കൊൾക. കർത്താവിന്റെ കല്പനകൾപ്രകാരമാണോ എന്നു പരിശോധിച്ചു ഉറപ്പു വരുത്തുക. കാരണം കബളിപ്പിക്കപ്പെടരുതു. ആത്മാവിന്റെ നിത്യമായ സ്ഥാനം ഉറപ്പിക്കുക എന്നതു നിസാരമായ ഒന്നല്ല. ചിന്തിക്കുക, ഉണരുക, പ്രവർത്തിക്കുക.

# നിങ്ങൾക്കു അതു മനസിലാക്കാൻ കഴിയുകയില്ല

## ജെറി. എം

പലതിനെ ചൊല്ലിയും ആളുകൾ പറയാറുണ്ട് നിങ്ങൾക്ക് അതു മനസിലാവുകയില്ല എന്നു. മനസിലാകാത്ത കാര്യങ്ങൾ ഉണ്ട് എന്നത് പരമാർത്ഥം തന്നെ. എന്നാൽ ബൈബിൾ മനസിലാക്കാൻ പറ്റുകയില്ലാ എന്ന് പറയുന്നത് നിങ്ങൾ എത്രപേർ കേട്ടിട്ടുണ്ട്? ഇതിനു ചിലർ ഒരു വേദവാക്യവും എടുത്തു കാണിക്കാറുണ്ട്. ഇതിനെക്കുറിച്ച് സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതിയിട്ടുണ്ടല്ലോ. അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ളതു ചിലതുണ്ടു. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു. (2പത്രൊസ് 3:16). വാസ്തവത്തിൽ ഇവിടെ വിശദീകരിക്കുന്നതു മനസിലാകുകയില്ല എന്നല്ല, അതു ഗ്രഹിപ്പാൻ പ്രയാസമായതു കൊണ്ടു സ്വയനീതീകരണത്തിനായി ബൈബിൾ വായിക്കാതിരിക്കണമെന്നല്ല. കൂടുതൽ ശ്രദ്ധയും ഏകാഗ്രതയും ചില ഭാഗങ്ങൾ തിരിച്ചറിയാൻ ആവശ്യമാണ്. എങ്കിലേ പരിശുദ്ധാത്മാവു ഉദ്ദേശിക്കുന്നതു പിടി കിട്ടുകയുള്ളു.

വചനം മനസിരുത്തി വായിച്ചു ഗ്രഹിക്കാൻ നോക്കാതെ സ്വന്ത നിഗമനങ്ങളിൽ എത്തിച്ചേരുന്നവർ ധാരാളമുണ്ട്. അവർ തങ്ങളുടെ സ്വന്ത മനസിൽ തോന്നുന്ന വ്യാഖ്യാനമാണ് അതിനു കൊടുക്കുന്നതു. അതു തെറ്റായ അർത്ഥവും തെറ്റായ ധാരണയും ആളുകളിൽ പരത്തും. അതാണു തിരുവെഴുത്തുകളെ കോട്ടിക്കളയുക എന്നു പറഞ്ഞാൽ. പൗലൊസിന്റെ ലേഖനങ്ങൾ മാത്രമല്ല, ബൈബിളിലെ എല്ലാഭാഗങ്ങളും ആളുകൾ കോട്ടി മറിച്ചാണു പഠിപ്പിക്കുന്നതു. അവർ അതു തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു എന്നാണു പറഞ്ഞിരിക്കുന്നതു. പലകാര്യങ്ങളാണു നാം ഇതിൽ നിന്നും ശ്രദ്ധി

ക്കാൻ പോകുന്നതു.

അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ആണ് പൗലോസിന്റെ ലേഖനങ്ങളെ കോട്ടിമറിച്ചു കളയുന്നത്. അവർ മറ്റ് തിരുവെഴുത്തുകളെയും മനസിലാക്കുന്നില്ല. ബൈബിൾ പുർണ്ണമായി എഴുതപ്പെട്ടുകഴിഞ്ഞപ്പോൾ പരിശുദ്ധാത്മാവ് നേരിട്ടു പ്രവൃത്തിക്കാതെ വചനത്തിൽ കൂടെ പ്രവൃത്തിക്കാൻ തുടങ്ങി. സകല മനുഷ്യരും വചനം കേൾക്കയും അറിയുകയും വേണമെന്നാണ് ദൈവഹിതം. അർത്ഥപൂർണ്ണമായ സത്യത്തെ വളച്ചൊടിച്ചാൽ അത് അർത്ഥ രഹിതമായി തീരും, ഉദ്ദേശിച്ച ഫലം കിട്ടാതെ പോകും. തന്നെയുമല്ല ദൈവേഷ്ടത്തെ മറിച്ച് കളയുന്ന അവരുടെ പ്രവൃത്തി അവർക്കു നാശം വരുത്തും എന്നു മുന്നറിയിച്ചിട്ടുണ്ട്. മനസിലാക്കാൻ പറ്റാത്ത അർത്ഥം അതിനുണ്ടെങ്കിൽ അവരെ നശിപ്പിക്കുന്നതെങ്ങനെ. മനസിലാക്കാൻ പറ്റാത്ത എന്തെങ്കിലും തന്നിട്ടു അതിന്റെ പേരിൽ ആളുകളെ ശിക്ഷിക്കുന്നത് നീതിയുക്തമാകയില്ല. ദൈവം നീതിമാനാണു, അതുകൊണ്ടു എല്ലാവർക്കും ഉപയോഗപ്പെടുന്ന രീതിയിലേ വചനം തരുകയുള്ളു. വചനത്തോടു കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നതിനു തുല്യമാണ് വചനത്തെ വളച്ചൊടിച്ചു സംസാരിക്കുന്നതു.

എന്തുകൊണ്ടാണു ബൈബിൾ മനസിലാക്കാൻ അസാദ്ധ്യമെന്നു ആളുകൾ പറയുന്നതു. അനേക കാരണങ്ങൾ കൊണ്ടാണു ആളുകൾ ഇങ്ങനെ വിലയിരുത്തുന്നതു. ഒരു കാരണം, ബൈബിൾ ശരിയായ രീതിയിൽ അറിയാൻ കഴിവുള്ളവർ മേലദ്ധ്യക്ഷന്മാർ മാത്രമാണെന്നും സാധാരണ ജനങ്ങൾക്കു മേലദ്ധ്യക്ഷന്മാരിൽ കൂടെ മാത്രമേ പൊരുൾ തിരിച്ചു കൊടുക്കാൻ കഴിയു എന്ന ധാരണ പരത്തിയിട്ടുണ്ട്. അതായതു ദൈവത്തോടു കൂടുതൽ അടുത്തു നിൽക്കുന്ന മത പണ്ഡിതന്മാർക്കു മാത്രമേ ശരിയായി മനസിലാക്കാൻ പറ്റു എന്ന ചിത്രമാണ് അവർ നൽകുന്നത്. അവർ അവരുടെ സാധാരണക്കാരായ അംഗങ്ങൾ ബൈബിളിലെ സത്യം മനസിലാക്കിയാൽ അവരുടെ പാരമ്പര്യമായ ആചാരങ്ങളെ എതിർക്കുമോ എന്ന ഭയം നിമിത്തം ആയിരിക്കണം അവർ സാധാരണക്കാരെ ഇങ്ങനെ പഠിപ്പിക്കുന്നതു (യോഹന്നാൻ 12:19, പ്രവൃത്തി 5:28).

✶

# വാർത്തകൾ

## ഭക്ഷ്യ വിലക്കയറ്റത്തിന് അൽപ്പം ശമനം

പച്ചക്കറികൾക്കും പയറു വർഗ്ഗങ്ങൾക്കും വില കുറഞ്ഞതോടെ ഭക്ഷ്യ വില സൂചികയിൽ അൽപം ഇടിവ്. 18ന് അവസാനിച്ച ആഴ്ച്ചയിൽ 7.7ശതമാനമാണ് വിലക്കയറ്റത്തോത്. ഒന്നര മാസത്തെ ഏറ്റവും കുറഞ്ഞ നിരക്കാണിത്.

★

## സ്വീപ്പർ യന്തിരൻ

നിരത്തുകൾ തൂത്തുതുടച്ച് സുന്ദരമാക്കാൻ യന്തിരനെത്തി. നെതർലാൻഡ്സിലെ റാവോ കമ്പനിയുടെ ഫൈവ് സീരിസ് കോംപാക്ട് വാക്വം സ്വീപ്പറാണ് ഈ അഥിതി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനു കീഴിൽ കഞ്ചിക്കോട്ടുള്ള ബെമ്‌ൽ വഴിയാണ് ഇന്ത്യയിൽ ഈ യന്ത്ര വാഹന വിൽപന.

★

## പ്രകൃതി വാതക പൈപ്പ് ലൈൻ ചൈനയിൽ

ലോകത്തിലെ ഏറ്റവും നീളം കൂടിയ വാതക പൈപ്പ്ലൈൻ ചൈനയിൽ പ്രവർത്തനസജ്ജമായി. ചൈന കസഖ്സ്ഥാൻ അതിർത്തിയിൽ നിന്നാണ് പൈപ്പ്ലൈൻ തുടങ്ങുന്നത് നീളം 8700 കിലോമീറ്ററാണ്.

★

Watch!

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## കുട്ടികൾക്ക് സൗജന്യയാത്ര ഒരുക്കി എത്തിഹാദ്

കുട്ടികൾക്ക് സൗജന്യ യാത്രാ പാക്കേജുമായി എത്തിഹാദ് എയർവേയ്സ്. രണ്ട് ടിക്കറ്റ് വാങ്ങുമ്പോഴാണ് ഓരോ അമേരിക്കൻ ഡോളർ നൽകി 12 വയസിനു താഴെ പ്രായമുള്ള രണ്ടു കുട്ടികൾക്ക് പാക്കേജ് ലഭിക്കുന്നത്.

★

## ലഹരി വിൽപന നിരോധിക്കും

വിദ്യാലയങ്ങളുടെ 400 മീറ്റർ ചുറ്റളവിൽ ലഹരി പദാർഥങ്ങളുടെ വിൽപന നിരോധിക്കുമെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിയമസഭയിൽ അറിയിച്ചു. നേരത്തെ 100 മീറ്റർ ചുറ്റളവിലാണു നിരോധനമുണ്ടായിരുന്നത്.

★

## അടുത്ത വർഷം 17 അവധി

കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അടുത്ത വർഷം 17അവധി ദിനങ്ങൾ, അടുത്ത ഏപ്രിലിൽ തുടർച്ചയായ നാല് അവധി ലഭിക്കും. ഏപ്രിൽ അഞ്ചിന് വ്യാഴാഴ്ച മഹാമീർ ജയന്തി, പിറ്റേന്ന് ദു:ഖവെള്ളി തുടർന്ന് വാരാന്ത്യ അവധി.

★

## പോലീസ് പ്രതിക്കൂട്ടിൽ

സംസ്ഥാനത്തെ ഒൻപതു ട്രാഫിക് പൊലീസ് സ്റ്റേഷനുകളിലും 25 ട്രാഫിക് പോലീസ് യൂണിറ്റുകളിലും വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണക്കിൽ പെടാത്ത പണം, അനധികൃതമായി പിടിച്ചുവച്ച ഡ്രൈവിംഗ് ലൈസൻസുകൾ, വാഹനങ്ങൾ, വോട്ടർ തിരിച്ചറിയൽ കാർഡുകൾ എന്നിവ കണ്ടെടുത്തു.

★

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

**HEAR THE VOICE OF TRUTH ON RADIO**

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 July**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11

Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378